# മഞ്ഞു തുള്ളി




നീയൊരു നിശാഗന്ധി
പ്പൂവിതൾ ത്തുമ്പിൽ ത്തൂങ്ങി
താണുപോകവേ, കുളിർ
കാറ്റു വന്നു നിൻ കാതിൽ

മന്ദമായ് മന്ത്രിക്കുന്നു:
മഞ്ഞുനീർ മണിമുത്തേ!
നിന്നെയും തിരഞ്ഞെത്ര
നാളുകളലഞ്ഞു ഞാൻ!

അനുരാഗത്തിൻ നേർത്ത
മധുര സ്വരങ്ങളിൽ
അവനോതുന്നൂ വീണ്ടും:
പ്രിയ കാമുകി! നിൻെറ

കവിളത്താരേ തേച്ചു
കുങ്കുമം? പുലർകാല
കിരണം കൊണ്ടീ മഴ–
വില്ലുമീമിഴികളിൽ ?

ലജ്ജയാൽ ത്തുടുത്തുപോയ്!
ദിവ്യമാം പ്രേമോൻമാദ–
നിർവൃതി ലയങ്ങളിൽ
നീ സ്വയം മറന്നുപോയ്!

നനവാർന്നൊരീ ക്കൊച്ചു
കറുകപ്പുല്ലിൽ നഗ്ന–
പദമൂന്നി ഞാൻ നട–
ന്നകലുന്നതിൻ മുമ്പേ

ഒരു കണ്ണുനീർക്കണം
പോലിതാ താഴേ വീണു
തകരുന്നു നീ ;സ്വപ്ന–
നാടകം തുടരുന്നു. ■